പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *133 — 14.12.2012 ൽ മറുപടിയ്ക്ക്

## സമഗ്ര കാർഷിക വിള ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഇല്ല. എന്നാൽ 17.3.2012 ലെ ജി.ഒ (എം.എസ്) .55/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിൽ ഒരു സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ പാനലിൽ ഉൾപ്പെട്ട ഒരു ഏജൻസിയെ നിയോഗിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്രനെൽകൃഷി വികസന പദ്ധതി, ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് കേരളത്തിലെ എല്ലാ വിളകൾക്കുമായി ഒരു സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച കൺസൾട്ടൻസി ലിസ്റ്റിൽ ഉള്ളവരിൽനിന്ന് ഒരു കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(സി) ഇൻഷ്വറൻസ് പരിരക്ഷ ഏതെല്ലാം സാഹചര്യങ്ങളിലാണ് ലഭിക്കുന്നത്; വിശദമാക്കുമോ;<br>(ഡി) പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുമോ? | (ബി), (സി) & (ഡി) കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഇൻഷ്വറൻസ് പദ്ധതികളെ സമന്വയിപ്പിച്ചുകൊണ്ട് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കൺസൾട്ടൻസിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. പ്രസ്തുത ഏജൻസി തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ